(സി) അടക്കിമുറി നടത്തിയ തോട്ടങ്ങളിൽ വീണ്ടും തോട്ടം വച്ചു പിടിപ്പിക്കുന്നതിന് സ്ഥലം ഒരുക്കുന്നതിന്റെ ഭാഗമായിട്ടാണ് തടിയും വിറകും മറ്റും ശേഖരിച്ചു കഴിഞ്ഞശേഷം അവശിഷ്ടങ്ങളും മറ്റും കൂട്ടിയിട്ട് കത്തിക്കുന്നത്. ഇതുമൂലം വന്യജീവികൾ കൂട്ടത്തോടെ നാട്ടിലിറങ്ങുകയോ കർഷകർക്കും മറ്റും ബുദ്ധിമുട്ടുകൾ ഉണ്ടാക്കുകയോ ചെയ്യാറില്ല.

(ഡി) വർക്കിംഗ് പ്ലാനുകളിൽ നിർദ്ദേശിക്കപ്പെട്ടതടക്കമുള്ള ശാസ്ത്രീയമായ പരിപാലന രീതികൾ പ്രകാരം നിയന്ത്രിത രീതിയിലുള്ള തീയിടൽ ആകയാൽ മേൽ പ്രവൃത്തിമൂലം വന്യജീവികളുടെ ആവാസ വ്യവസ്ഥ നശിക്കപ്പെടുന്നില്ല.

വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വനവൽക്കരണ പദ്ധതികൾ

238 (1943) ശ്രീ. സണ്ണി ജോസഫ്:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിദ്യാർത്ഥികളെ ഉൾപ്പെടുത്തി വനവൽക്കരണ പദ്ധതികൾ നിലവിലുണ്ടോ ; ഉണ്ടെങ്കിൽ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിക്കായി വിദ്യാലയങ്ങളെ തെരഞ്ഞെടുക്കുന്നതിന് എന്തൊക്കെ മാനദണ്ഡങ്ങളാണ് പാലിക്കുന്നതെന്ന് വിശദമാക്കുമോ ;

(സി) പദ്ധതിയുടെ വിജയത്തിനായി സ്വീകരിച്ചിട്ടുള്ള മാർഗ്ഗങ്ങൾ ഏതൊക്കെയെന്ന് വിശദമാക്കുമോ ;

(ഡി) പദ്ധതിയുടെ പുരോഗതിയെക്കുറിച്ചും ഇതിന് കേന്ദ്ര സഹായം ലഭിക്കുന്നുണ്ടോയെന്നും വിശദമാക്കുമോ ?

ഉത്തരം

(എ) വിദ്യാർത്ഥികളെ ഉൾപ്പെടുത്തി സാമൂഹിക വനവൽക്കരണ വിഭാഗം മുഖേന 'എന്റെ മരം,' 'നമ്മുടെ മരം' എന്നീ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

(ബി) വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്ന മാനദണ്ഡത്തെ അടിസ്ഥാനപ്പെടുത്തി സർക്കാർ, എയ്ഡഡ്, അൺ-എയ്ഡഡ് സ്കൂളുകളേയും, കോളേജുകളെയും ഈ പദ്ധതിക്കായി തെരഞ്ഞെടുക്കാറുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) വനം വകുപ്പ് അദ്ധ്യക്ഷൻ ഈ പദ്ധതിയുടെ വിജയകരമായ നടത്തിപ്പിനായി വേണ്ട മുന്നൊരുക്കങ്ങൾ അടങ്ങിയ മാർഗ്ഗരേഖ വനം വകുപ്പിന്റെ എല്ലാ വിഭാഗങ്ങൾക്കും നൽകാറുണ്ട്. സാമൂഹിക വനവൽക്കരണ വിഭാഗം നേതൃത്വം കൊടുക്കുന്ന ടി പരിപാടി സമയപരിധിക്കകം പൂർത്തിയാക്കുന്നതിനാവശ്യമായ സ്റ്റാഫിനേയും, വാഹനങ്ങളേയും എല്ലാ വിഭാഗങ്ങളിൽ നിന്നും ഉപയോഗിക്കുന്നതിനുള്ള നിർദ്ദേശം നൽകാറുണ്ട്. കൂടാതെ, ത്രിതലപഞ്ചായത്തുകൾ, കുടുംബശ്രീ പ്രവർത്തകർ, തൊഴിലാളി യൂണിയനുകൾ, എൻ.എസ്.എസ്., എൻ.സി.സി., പോലീസ് തുടങ്ങിയ വിഭാഗങ്ങളുടെ സഹകരണവും പങ്കാളിത്തവും ഈ സംരംഭത്തിൽ വനംവകുപ്പ് തേടാറുണ്ട്. പദ്ധതിയുടെ വിജയത്തിനായി തൈകൾ നട്ട പരിപാലിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങളടങ്ങിയ അച്ചടിച്ച മാർഗ്ഗരേഖയും, നടുന്ന തൈകൾ എപ്രകാരം പരിപാലിക്കേണ്ടതെന്ന നിർദ്ദേശവും വിദ്യാർത്ഥികൾക്ക് നൽകുന്നുണ്ട്.

(ഡി) വിദ്യാർത്ഥികൾ നട്ടുവളർത്തുന്ന വൃക്ഷത്തൈകൾ വിലയിരുത്തുന്നതിന് അതാത് വിദ്യാലയങ്ങളിലെ അദ്ധ്യാപകർ, പി.ടി.എ. പ്രസിഡന്റ്, വനംവകുപ്പ് ഉദ്യോഗസ്ഥൻ എന്നിവർ ഉൾപ്പെട്ട മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. എന്റെ മരം, നമ്മുടെ മരം എന്നീ പദ്ധതികൾക്കായി കേന്ദ്ര സഹായം ലഭിക്കുന്നില്ല.

വനം സംരക്ഷണ പദ്ധതികൾ

239 (1944) <u>ശ്രീ. ജെയിംസ് മാത്യു</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വനമേഖലയുടെ സംരക്ഷണത്തിനായി 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ജലസംരക്ഷണ പദ്ധതികൾ ആരംഭിക്കൽ, മഴനിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കൽ, പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കൽ പട്ടികവർഗ്ഗവിഭാഗത്തിലെ ചെറുപ്പക്കാരെ ടൂറിസ്റ്റ് ഗൈഡുകളാക്കൽ തുടങ്ങിയ പദ്ധതികൾ പ്രവർത്തനം ആരംഭിച്ചിരുന്നോ; വിശദമാക്കാമോ ?

(ബി) ഇതിനായി എത്ര തുകയാണ് ബജറ്റിൽ വകയിരുത്തിയിരുന്നത് ; ഇതിൽ എത്ര തുക അനുവദിക്കപ്പെട്ടു ; എത്ര തുക ചെലവഴിച്ചു ; പ്രസ്തുത തുക ഉപയോഗിച്ച് നടപ്പാക്കുമെന്നറിയിച്ചിരുന്ന എന്തെല്ലാം പ്രവർത്തനങ്ങൾ നടപ്പാക്കാതെ അവശേഷിക്കുന്നു എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) വനമേഖലയുടെ സംരക്ഷണത്തിനായി 2014-15 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ജലസംരക്ഷണ പദ്ധതികൾ ആരംഭിക്കൽ, മഴനിഴൽ പ്രദേശങ്ങളെ ഹരിതാഭമാക്കൽ, പ്രകൃതി ആസ്വാദന കേന്ദ്രങ്ങൾ സ്ഥാപിക്കൽ, മോഡൽ ഫോറസ്റ്റ് സ്റ്റേഷൻ സ്ഥാപിക്കൽ, പട്ടികവർഗ്ഗ വിഭാഗത്തിലെ ചെറുപ്പക്കാരെ ടൂറിസ്റ്റ് ഗൈഡുകളാക്കൽ തുടങ്ങിയ പദ്ധതികൾ സംബന്ധിച്ച വിവരങ്ങൾ താഴെ ചേർക്കുന്നു :

LIBRARY ARCHIVES Kerala Legislative Assembly